# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2863 — 07.12.2018 ലെ മറുപടി

### ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുരളീധരൻ: | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ;<br><br>(ബി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (എ) യും (ബി) യും<br><br>ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം 354 കുളങ്ങൾ നവീകരിക്കുന്നതിനായി ഭരണാനുമതി നല്കിയതിൽ 245 കുളങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. നാല് പ്രവൃത്തികൾ പുരോഗതിയിലാണ്. പന്ത്രണ്ട് പ്രവർത്തികളുടെ പുനർദർഘാസ് നടപടികൾ നടന്നുവരുന്നു. 93 പ്രവർത്തികൾ വിവിധ കാരണങ്ങളാൽ ഉപേക്ഷിക്കേണ്ടി വന്നു. പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലില്ല. ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി 104 കുളങ്ങൾ നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ